മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഞാൻ പാഴ്വേലക്കു് മുതിർന്നു എന്നു പറഞ്ഞതു് ഖേദകരമായിപ്പോയി. എന്റെ മുൻപിലിരിക്കുന്ന കടലാസുകളും നോക്കിയാണു് ഞാൻ തീരുമാനം എടുക്കുന്നതു്. തീച്ചൂയായും ഇതിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നുപോലും തീരുമാനിക്കേണ്ട കാര്യം എനിക്കില്ല. എന്റെ മുൻപിൽ ഇങ്ങനെയൊരു നോട്ടീസു് കിട്ടിയപ്പോൾ അതു് അയച്ചുകൊടുക്കേണ്ടതു് എന്റെ ഉത്തരവാദിത്വവും കടമയുമായതുകൊണ്ടു് ആ നിർദ്ദേശം ഞാൻ സഭയുടെ മുൻപിൽ വച്ചു എന്നല്ലാതെ റൂളിംഗ് ഒന്നും ഞാൻ നൽകിയിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞതു് ഖേദകരമായിപ്പോയി.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അങ്ങയുടെ നടപടിയെ സംബന്ധിച്ചു ഞാൻ പറഞ്ഞതു് എന്തെങ്കിലും reflection ഉണ്ടാകണമെന്നു ഉദ്ദേശിച്ചല്ല.

Mr. Speaker : So I send it to the Lok Sabha Speaker to take whatever action he deems fit.

3. ADJOURNMENT MOTION

Strike in the Sankar's Paints and Oils Company, Shertallai

മി. സ്പീക്കർ : ബഹുമാനപ്പെട്ട തൊഴിൽമന്ത്രിക്കു് ഇന്നലെ ശ്രീ. കെ. കെ. കുമാരപിള്ള ഉന്നയിച്ച അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുള്ള വിവരം ഇപ്പോൾ നൽകാവുന്നതാണു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായിമാഞ്ഞൂരാൻ) : ചേർത്തലയിലുള്ള ശങ്കേഴ്സ് പെയിൻറ്സ് ആൻറു് ഓയിൽസ് കമ്പനിയിൽ ഒരു സ്ട്രൈക്കു് നടക്കുന്നു എന്നുള്ളതു് ശരിയാണു്. ഇതിനെ സംബന്ധിച്ചു് ഡിപ്പാർട്ടുമെൻറിന്റെ ഏ. എൽ. ഓ. മാരോ, ഡി. എൽ. ഒ. മാരോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു് ഇന്നലെക്കൊണ്ടു് അറിയാൻ സാധിച്ചിട്ടില്ല. എന്നാൽ ഇന്നലെത്തന്നെ സംസ്ഥാനത്തെ ലേബർ കമ്മീഷണറെ വിളിച്ചു് ഈ കാര്യത്തെപ്പറ്റി അതിവേഗം അന്വേഷണം നടത്തണമെന്നും കഴിയുന്നതും വേഗം ഒത്തുതീർപ്പിൽ എത്തിക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും തുടരണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടു്. അദ്ദേഹം അങ്ങനെ ചെയ്യാമെന്നും പറഞ്ഞിട്ടുണ്ടു്. ഇന്നുതന്നെ മാനേജുമെൻറിനേയും നേതാക്കന്മാരെയും അറിയിച്ചു് അതിവേഗം ഒരു അനുരഞ്ജന സംഭാഷണം നടത്തി ഇക്കാര്യം തീർക്കാൻ അദ്ദേഹം പരിശ്രമിക്കാമെന്നു് ഏൽക്കുകയും ചെയ്തിട്ടുണ്ടു്. അവിടെ അതിൽപ്പരം പ്രത്യേകമായ പരിതഃസ്ഥിതിയൊന്നും ഉള്ളതായിട്ടു് ലേബർ കമ്മീഷണറോടും തിരുവനന്തപുരത്തുള്ള ആഫീസറോടും ചോദിച്ചിട്ടു് മനസിലാക്കാൻ സാധിച്ചിട്ടില്ല. അതിനുപുറമെ ഒരു ലക്ഷം രൂപവണ്ടിത്തൊഴിലാളികളും പണിമുടക്കു് നടത്തിയിരുന്നതുകൊണ്ടു് അതിന്റെ അനുരഞ്ജന കാര്യങ്ങളിൽ ലേബർ കമ്മീഷണർക്കു് അഞ്ചാറു ദിവസമായിട്ടു് ജോലി ഉണ്ടായിരുന്നതുകൊണ്ടു് ഇന്നലെയും ഈ പറഞ്ഞ ഉദ്യോഗസ്ഥനെ കാൺഡാക്ടു് ചെയ്യുന്നതിനോ, എന്തെല്ലാം സംഭവിച്ചു എന്നറിയുന്നതിനോ ശ്രമിച്ചിട്ടു് സാധിച്ചിട്ടില്ല. എങ്കിലും ഊർജ്ജിതമായി നടപടികളും ഉടനെ നടത്തുന്നതായിരിക്കും.

4. CALLING ATTENTION UNDER RULE 61

മി. സ്പീക്കർ : റൂൾ 61 അനുസരിച്ചു് താഴെ പറയുന്ന നോട്ടീസുകളും കിട്ടിയിട്ടുണ്ടു്. കൊല്ലം ജില്ലയിൽ കിളികൊല്ലൂരുള്ള ഏ. ടി. കെ. എം. ആർട്സ് ആൻറു് സയൻസ് കോളേജു് കഴിഞ്ഞ ഒരു മാസക്കാലമായി അടച്ചിട്ടിരിക്കുന്നതുകൊണ്ടു് അവിടത്തെ വിദ്യാർത്ഥികൾക്കു നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടു പരിഹരിക്കുന്നതിനുവേണ്ടി നടപടികളെടുക്കണമെന്നു കാണിച്ചു് ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly